**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 886** **06-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി - പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സ്ഥലവും വീടും നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. ആർ. സുനിൽകുമാർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്ത എത്ര പട്ടികജാതി - പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കാമോ ; | (എ) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത കുടുംബങ്ങൾക്ക് സ്ഥലവും വീടും നൽകുന്നതിന് എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ ? | (ബി) | ഭൂരഹിത ഭവനരഹിതരായ പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ലൈഫ് മിഷൻ മുഖേന ഭൂമിയും വീടും അനുവദിക്കുന്നുണ്ട്.<br><br>ഭൂരഹിതരുടെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട പട്ടികജാതിക്കാർക്ക് പട്ടികജാതി വികസന വകുപ്പ് മുഖേന ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഭൂമി വാങ്ങുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി ധനസഹായം അനുവദിക്കുന്നുണ്ട്. ഭവനരഹിതരായവർക്ക് ലൈഫ് മിഷൻ മുഖേന ഭവന നിർമ്മാണ ധനസഹായവും അനുവദിക്കുന്നുണ്ട്.<br><br>ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്തവനഭൂമി വിതരണം എന്നീ പദ്ധതികളിലായി ഭൂമി വിതരണം ചെയ്തു വരുന്നു. വനാവകാശ നിയമ പ്രകാരം അർഹരായവർക്ക് ഭൂമിക്ക് കൈവശാവകാശ രേഖയും നൽകുന്നുണ്ട്. ലാന്റ് ബാങ്ക് പദ്ധതി പ്രകാരം ഭൂമി വാങ്ങി നൽകുന്നവർക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന വീട് അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതരും ഭവനരഹിതരുമായവരുടെ ജില്ല തിരിച്ചുള്ള വിശദാംശം

| ജില്ല | പട്ടികജാതി വിഭാഗം | | പട്ടികവർഗ്ഗ വിഭാഗം | |
|---|---|---|---|---|
| | ഭൂരഹിതർ | ഭവനരഹിതർ | ഭൂരഹിതർ | ഭവനരഹിതർ |
| തിരുവനന്തപുരം | 6914 | 6709 | – | 1277 |
| കൊല്ലം | 5891 | 8369 | 124 | 282 |
| പത്തനംതിട്ട | 1591 | 2708 | 265 | 375 |
| ആലപ്പുഴ | 2310 | 4758 | 344 | 80 |
| കോട്ടയം | 1945 | 2368 | 585 | 346 |
| ഇടുക്കി | 3629 | 4814 | 272 | 272 |
| എറണാകുളം | 2720 | 3653 | 133 | 553 |
| തൃശ്ശൂർ | 6197 | 6535 | 130 | 210 |
| പാലക്കാട് | 7909 | 13607 | 747 | 529 |
| മലപ്പുറം | 3769 | 5477 | 122 | 122 |
| കോഴിക്കോട് | 2112 | 3014 | 3184 | 5855 |
| വയനാട് | 407 | 1213 | 576 | 2734 |
| കണ്ണൂർ | 793 | 877 | 1030 | 1640 |
| കാസറഗോഡ് | 611 | 1527 | 760 | 1980 |
| **ആകെ** | **46798** | **65629** | **8272** | **16255** |

സെക്ഷൻ ഓഫീസർ